ഫാത്തിമയുടെ കൊലപാതകം

87 (1021) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ മലപ്പുറം ജില്ലക്കാരി ഫാത്തിമയുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണ പുരോഗതി വിശദീകരിക്കുമോ ;

(ബി) ഇപ്പോൾ ആരാണ് കേസന്വേഷിക്കുന്നത് ;

(സി) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് മാവൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ബി) മെഡിക്കൽ കോളേജ് പോലീസ് സി.ഐ.

(സി) ഇല്ല.

(ഡി) ഒരു സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് കേസന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

സുബൈർ, നിസാർ എന്നിവരുടെ മരണം

88 (1022) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പാറാട്ട് ടൗണിൽ വച്ച് സുബൈർ എന്ന യുവാവും വിളക്കോട്ടൂരിൽ നിസാർ എന്ന യുവാവും കൊല ചെയ്യപ്പെട്ടസംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ രണ്ടു യുവാക്കൾക്കും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ ; എങ്കിൽ ഏതു പാർട്ടിയാണ് ;

(സി) ഈ രണ്ടു കേസ്സുകളും അന്വേഷിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ രണ്ടു കേസുകളുടെയും നിലവിലുള്ള അന്വേഷണം ഏത് ഘട്ടംവരെ എത്തിയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഓരോ കേസ്സിലും ഇതുവരെ ഏതെല്ലാം പ്രതികളെ അറസ്റ്റു ചെയ്തു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly